ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, കണ്ണൂർ
പറശ്ശിനിക്കടവ് - 670563

## HDCM കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു

NEW Delhi ആസ്ഥാനമായിട്ടുള്ള ദേശീയ സഹകരണ പരിശീലന കൗൺസിലിന്റെ (NCCT) കീഴിൽ കണ്ണൂരിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ 2016 ആഗസ്റ്റ് 3 മുതൽ 2017 ജൂലൈ 31 വരെ നടത്തുന്ന 28-ാമത് ബാച്ച് HDCM (Higher Diploma in Cooperative Management) കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിലും / ചില സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും ജോലി ലഭിക്കുന്നതിനുള്ള യോഗ്യതയായി ഈ കോഴ്സ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റു മാനേജ്മെന്റ് സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനും ഈ കോഴ്സ് യോജിച്ചതാണ്. MBA യുടെ സിലബസ്സിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല വിഷയങ്ങളും ഈ കോഴ്സിന്റെ സിലബസ്സിലും ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും മാനേജർ ആയി പ്രവർത്തിക്കുവാൻ പ്രാപ്തരാക്കുന്ന രീതിയിലാണ് ഈ കോഴ്സിന്റെ സംവിധാനം. കൂടാതെ കമ്പ്യൂട്ടർ ലാബ്, ലൈബ്രറി, പരിശീലനത്തിനാവശ്യമായ ഓഡിയോ-വിഷ്വൽ ഉപകരണങ്ങൾ എന്നീ സൗകര്യങ്ങളുമുണ്ട്. ഒരു വർഷത്തെ കമ്പ്യൂട്ടർ പ്രായോഗിക പരിശീലനം ഈ കോഴ്സിന്റെ പ്രത്യേകതയാണ്.

2016 ഓഗസ്റ്റ് 1ന് 40 വയസ്സ് കവിയാത്ത ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടാതെ ഫൈനൽ ഡിഗ്രി പരീക്ഷ എഴുതി ഫലം പ്രതീക്ഷിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

അപേക്ഷാ ഫോറവും പ്രോസ്പെക്ടസും **2016 മെയ് 18 മുതൽ** (തിങ്കൾ മുതൽ വെള്ളി വരെ) 100 രൂപ ഫീസടച്ചാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും നേരിട്ട് ലഭിക്കും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തപാലിൽ ലഭിക്കേണ്ടവർ ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, പറശ്ശിനിക്കടവ്, കണ്ണൂർ - 670 563 എന്ന പേരിൽ നൂറു രൂപയുടെ മണി ഓർഡർ / ഡിമാന്റ് ഡ്രാഫ്റ്റ്, സ്വന്തം മേൽ വിലാസം എഴുതിയ കവർ സഹിതം അപേക്ഷിക്കേണ്ടതാണ്.

അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റായ **www.icmkannur.org** ൽ ലഭ്യമാണ്.

പൂരിപ്പിച്ച അപേക്ഷാ ഫോറം സ്വീകരിക്കുന്ന അവസാന തീയ്യതി **20/06/2016** ആണ്.
കൂടുതൽ വിവരങ്ങൾക്ക് **0497 2784088 / 2784002** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.